LIBRARY ARCHIVES Kerala Legislative Assembly

ഭൂഗർഭ വൈദ്യുത കേബിളുകൾ

193 (3625) ശ്രീമതി യു പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഭൂഗർഭ വൈദ്യുത കേബിളുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും എത്ര കിലോമീറ്റർ ദൈർഘ്യത്തിൽ ഇവ സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലൊന്നുംതന്നെ ഭൂഗർഭ വൈദ്യുത കേബിളുകൾ സ്ഥാപിച്ചിട്ടില്ല.

(ബി) ഇനിയും മണ്ഡലത്തിൽ പുതുതായി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഭൂഗർഭ വൈദ്യുതി കേബിളുകൾ സ്ഥാപിക്കുന്ന പുതിയ പ്രവൃത്തികളൊന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല.

മാർമല ചെറുകിട ജലവൈദ്യുതപദ്ധതി

194 (3626) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മീനച്ചിൽ താലൂക്കിൽ തീക്കോയി, തലനാട് വില്ലേജുകളിലായി നിർമ്മിക്കാനുദ്ദേശിക്കുന്ന മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ തീക്കോയി, തലനാട് വില്ലേജുകളിലായി മീനച്ചിലാറിന്റെ കൈവഴിയായ മാർമല തോടിലെ വെള്ളച്ചാട്ടത്തിന് മുകളിലായി തടയണ നിർമ്മിച്ച് ജലം സംഭരിച്ച് തുടർന്ന് ടണൽ, പെൻസ്റ്റോക്ക് എന്നിവ വഴി വെള്ളാനിയിലെ പവർ ഹൗസിൽ എത്തിച്ച് 3.5 MW-ന്റെ 2 ടർബൈനുകളുടെ സഹായത്തോടെ 7 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുകയെന്നതാണ് മാർമല ചെറുകിട ജലവൈദ്യുത പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ സ്ഥാപിതശേഷി 7 മെഗാ വാട്ടും, പ്രതീക്ഷിക്കുന്ന വാർഷിക ഉത്പാദനം 23.02 Mu വുമാണ്.

24-12-2014-ൽ പദ്ധതി നടപ്പാക്കുന്നതിന് IDC & MNRE സബ്സിഡിയും ഉൾപ്പെടെ 56.10 കോടി രൂപയ്ക്കുള്ള അനുമതി, 16-2-2015-ലെ G.O(Rt)No.42/2015/PD പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. മാർമല ചെറുകിട ജലവൈദ്യുതപദ്ധതി നടപ്പിലാക്കുന്നതിന് 5.9099 ഹെക്ടർ പട്ടയഭൂമിയും 1.5627 ഹെക്ടർ പട്ടയരഹിത ഭൂമിയും ഉൾപ്പെടെ 7.4726 ഹെക്ടർ സ്ഥലം ആവശ്യമുണ്ട്. 20-11-2017-ലെ G.O(Rt)No.4937/2017/RD പ്രകാരം നെഗോഷ്യേറ്റഡ് പർച്ചേസ് അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലാ കളക്ടർ, ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (LA General) പാലായെ ചുമതലപ്പെടുത്തിയതനുസരിച്ച് പാലാ സ്പെഷ്യൽ തഹസിൽദാർ (LA) ഓഫീസിൽ നിന്നും സർവ്വേ ജോലികൾ പൂർത്തിയാക്കി, സർവ്വേ സ്കെച്ചുകൾ സർവ്വേ സൂപ്രണ്ടിന് സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലാ കളക്ടർ 30-12-2019-ലും 9-1-2020-ലും രണ്ട് ജില്ലാതല പർച്ചേസ് കമ്മിറ്റി യോഗങ്ങൾ വിളിച്ചിരുന്നു. എന്നാൽ പട്ടയമില്ലാത്ത ഭൂമിയുടെ അസസ്സ്മെന്റിൽ തീരുമാനമാകാത്തതിനാൽ യോഗങ്ങൾ മാറ്റിവച്ചു. പിന്നീട് പട്ടയരഹിത ഭൂമി സൗജന്യമായി നല്കുവാനുള്ള സമ്മതപത്രം ഭൂ ഉടമകൾ സമർപ്പിക്കുകയും തുടർന്ന് 5.9099 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള ഡി.എൽ.പി.സി. കൂടുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ മുൻപാകെ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ) 24-8-2020-ൽ പുറപ്പെടുവിച്ച കത്ത് വഴി ജില്ലാകളക്ടറോട് മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്കായി ലാന്റ് അക്യൂസിഷൻ ആക്ട് 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. അതിൻ പ്രകാരം റിക്വിസിഷൻ ഫോം സമർപ്പിക്കുകയും കണ്ടിൻജൻസി ചാർജ്ജായി 4,38,243 രൂപ, 10-6-2021-ൽ, പാലാ LA (General) തഹസിൽദാർ ഓഫീസിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. പട്ടയഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ്പ്രകാരം ഏറ്റെടുക്കാനായുള്ള നടപടികൾ അന്തിമ ഘട്ടത്തിലായതിനുശേഷം നടപടിക്രമങ്ങൾ മാറുന്നത് കാലതാമസം സൃഷ്ടിക്കുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കാത്തതിനാൽ പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് അവരുടെ സ്ഥലത്ത് കൃഷി ചെയ്യുന്നതിനോ സ്ഥലം ക്രയവിക്രയം നടത്തുന്നതിനോ കഴിയാത്തതിനാൽ പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്.

ഊർജ്ജ സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് പദ്ധതി

195 (3627) ശ്രീ. വി. ജോയി:
ശ്രീ. എ. രാജ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതോടൊപ്പം ഊർജ്ജ സംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ?

അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 02.0, ദ്യുതി 2021, സൗര, ഫിലമെന്റ് രഹിത കേരളം, ഇ-സേഫ് തുടങ്ങിയ അഞ്ച് പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ വൈദ്യുതി വിതരണ മേഖലയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി വിതരണ ട്രാൻസ്ഫോർമറുകൾ ഉന്നത നിലവാരത്തിലെത്തിക്കുന്ന പ്രവർത്തനങ്ങൾ തുടരുന്നു. വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി നടപ്പിലാക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി തിരുവനന്തപുരം ജില്ലയിൽ പേയാട് ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പിലാക്കിയിരുന്നു. ഇതിലൂടെ വൈദ്യുതി തടസ്സവും അപകടങ്ങളും നല്ലൊരളവ് വരെ ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 100kW/120kVA-ക്ക് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജ സംരക്ഷണ നിയമപ്രകാരം എനർജി കൺസർവേഷൻ

LIBRARY ARCHIVES Kerala Legislative Assembly